(ബി) കോട്ടയം മുനിസിപ്പാലിറ്റിയും, അയ്മനം, ആർപ്പൂക്കര, കുമരകം, കുമാരനല്ലൂർ, മണർകാട്, നാട്ടകം, തിരുവാർപ്പ്, വിജയപുരം എന്നീ ഗ്രാമപഞ്ചായത്തുകളും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള പദ്ധതിക്ക് 490 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) ബോണ്ട് ഇഷ്യൂവഴി 300 കോടി രൂപയും ഗ്രാന്റ് ഫണ്ടിംഗ്വഴി 190 കോടിരൂപയും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

ഉപഗ്രഹ നഗരങ്ങളുടെ നിർമ്മാണം

105 (4540) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വികസന പദ്ധതിയിൻകീഴിൽ എന്തൊക്കെ നടപടികൾ നടപ്പിൽ വരുത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായിട്ടുള്ള ഉപഗ്രഹ നഗരങ്ങളുടെ നിർമ്മാണത്തിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത് ;

(സി) ഉപഗ്രഹ നഗരമായി നെടുമങ്ങാട് മുനിസിപ്പാലിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയെ ഉപഗ്രഹ നഗരമായി മാറ്റുന്നതിന്റെ ഭാഗമായി എന്തു പദ്ധതികളാണ് നടപ്പിലാക്കുന്നത് ?

ഉത്തരം

(എ-ഡി) മറ്റു വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

പാളയം വികസന സമിതി

106 (4541) ശ്രീ. വർക്കല കഹാർ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാളയം വികസന പദ്ധതിപ്രകാരം തിരുവനന്തപുരത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) അതിനുള്ള രൂപരേഖ തയ്യാറാക്കിയോ ;

(സി) എങ്കിൽ അതനുസരിച്ച് നടത്തേണ്ട വികസന പ്രവർത്തനങ്ങളുടെ പണി എന്നാരംഭിക്കുമെന്ന് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly